# നിയമം

ഭദ്രവും സമഗ്രവുമായ ഒരു നിയമ വ്യവസ്ഥ ഇസ്‌ലാമിക നാഗരികതയിൽ രൂപം കൊണ്ടു. ശരീഅ*ത് എന്നാണ് ഇസ്‌ലാമിക നിയമവ്യവസ്ഥ സാങ്കേതികമായി അറിയപ്പെടുന്നത്. ലിഖിതവും ക്രോഡീകൃതവുമായ സമ്പൂർണമായ ഒരു നിയമ സംഹിതയാണ് ഇസ്‌ലാമിക ശരീഅ*ത്. ഇസ്‌ലാമിക നിയമ വ്യവസ്ഥയിൽ നിയമനിർമാണാധികാരം അല്ലാഹുവിൽ നിക്ഷിപ്തമാണ്. സ്വന്തം നിലയിൽ നിയമങ്ങൾ നിർമിക്കാൻ മനുഷ്യന് അധികാരമില്ല. വ്യക്തിയുടെ മനുഷ്യാവകാശങ്ങൾ ഇസ്‌ലാമിക നിയമം ഉറപ്പുവരുത്തുന്നു. വ്യക്തിയുടെ ജീവന്നും സ്വത്തിനും അഭിമാനത്തിനും അത് സംരക്ഷണം നല്കുന്നു. സമൂഹത്തിന്റെ നന്മയെയും സുരക്ഷയെയും മുൻനിർത്തി കുറ്റകൃത്യങ്ങൾക്ക് ചില കഠിന ശിക്ഷകൾ ശരീഅത് വ്യവസ്ഥ ചെയ്യുന്നുണ്ട്. സമൂഹ നന്മയെ ലക്ഷ്യമാക്കി പുതിയ പ്രശ്നങ്ങൾക്ക് ഇസ്‌ലാമിന്റെ അടിസ്ഥാന തത്ത്വങ്ങൾക്കനുസൃതമായി വിധികൾ കണ്ടെത്താൻ ഇസ്‌ലാം അനുവദിക്കുന്നുണ്ട്. മതമീമാംസകർ അതിന് വ്യക്തമായ നിദാനങ്ങളും മാനദണ്ഡങ്ങളും നിർണയിച്ചിട്ടുണ്ട്. കർമശാസ്ത്ര നിദാന തത്ത്വങ്ങൾ (ഉസ്വൂലുൽ ഫിഖ്ഹ്) അതിന്റെ ഭാഗമാണ്.

വിശുദ്ധ ഖുർആൻ, പ്രവാചകന്റെ ജീവിതകാലത്തെ നടപടിക്രമങ്ങൾ, ഇവയുടെ വ്യാഖ്യാനവും പ്രശ്ന-താരതമ്യ വിചിന്തനവും, പണ്ഡിതന്മാരുടെ ഏകാഭിപ്രായം എന്നിവയാണ് ശരീഅതിന്റെ അടിസ്ഥാന സ്രോതസ്സുകൾ.

ഇസ്‌ലാമിന്റെ നിയമ വ്യവസ്ഥ അതിന്റെ നാഗരികതയെ ഉറപ്പിക്കുന്നതിലും വളർത്തുന്നതിലും മുഖ്യ പങ്ക്വഹിച്ചു. പില്ക്കാല യൂറോപ്പിന് നിയമനിർമാണ രംഗത്ത് ശരീഅതിന്റെ നിയമാവലി വലിയ സഹായമായി വർത്തിച്ചിട്ടുണ്ട്. ഇസ്‌ലാമിക നിയമഗ്രന്ഥങ്ങളുടെ ലാറ്റിൻ പരിഭാഷകൾ വിവിധ യൂറോപ്യൻ രാജ്യങ്ങളിൽ പ്രചരിച്ചിരുന്നു. നെപ്പോളിയന്റെ കാലത്ത് ഫ്രഞ്ച് ഭാഷയിലേക്ക് മൊഴിമാറ്റം ചെയ്യപ്പെട്ട മാലികീ കർമശാസ്ത്ര ഗ്രന്ഥം ഫ്രഞ്ച് നാഗരിക നിയമത്തിന്റെ പ്രധാന അടിസ്ഥാനമായിത്തീർന്നു. അക്കാലത്തെ ഫ്രഞ്ചു നിയമങ്ങൾ മാലികീ മദ്ഹബിന്റെ നിയമങ്ങളുമായി ഏറെ സാദൃശ്യം പുലർത്തിയിരുന്നു. സിഡ്‌യൂ (**Sideo**) എഴുതുന്നു: “ആഫ്രിക്കയിലെ അറബികളുമായുള്ള നമ്മുടെ ബന്ധം ആരംഭിച്ചതു മുതൽ നമ്മുടെ സവിശേഷ ശ്രദ്ധയാകർഷിച്ചത് മാലികീ കർമശാസ്ത്ര സരണിയാണ്. ഖലീലുബ്നു ഇസ്ഹാഖബ്നി യഅ്ഖൂബിന്റെ കർമശാസ്ത്ര ഗ്രന്ഥം പരിഭാഷപ്പെടുത്താൻ ഫ്രാൻസ് ഭരണകൂടം ബൈറൂനെ ചുമതലപ്പെടുത്തി”(ഉദ്ധരണം: ഡോ. മുസ്ത്വഫസ്സിബാഈ പുറം 64).